(ഡി) എസ്.ഐ.യുടെ പേരിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) എസ്.ഐ.യുടെ നടപടിയെക്കുറിച്ച് അന്വേഷിക്കുവാൻ നിയോഗിച്ച ഉദ്യോഗസ്ഥൻ എസ്.ഐ. കുറ്റക്കാരനല്ലെന്ന് പ്രസ്താവനയിറക്കിയത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ വിധേയമാക്കിയ പ്രശ്നങ്ങളിൽ ഒരു ഭാഗത്തെ ന്യായീകരിച്ചുകൊണ്ട് പ്രസ്താവനയിറക്കിയത് ശരിയാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇതുപോലുള്ള നടപടി ഇനിയും ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് വ്യക്തമായി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോട്ടയം നർക്കോട്ടിക്ക് സെൽ ഡി.വൈ.എസ്.പി. യെക്കൊണ്ട് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) മൃതദേഹത്തെ എസ്.ഐ. അപമാനിച്ചു എന്നു പറയുന്ന പത്ര വാർത്ത അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഡ്യൂട്ടി സമയത്ത് അഡീഷണൽ എസ്.ഐ. മദ്യപിച്ചിരുന്നതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്.

(ഡി) ഡ്യൂട്ടി സമയത്ത് മദ്യപിച്ചതിന്റെ പേരിൽ അഡീഷണൽ എസ്.ഐ. യെ സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

(ഇ,എഫ്,ജി) അന്വേഷണ ഉദ്യോഗസ്ഥൻ ഇപ്രകാരമൊരു പ്രസ്താവന ഇറക്കിയിട്ടില്ല.

84 (102) മാഹീന്റെ മരണം

ശ്രീ.ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 മേയ് മാസം 11-ന് ചാക്ക-തിരുവല്ലം എൻ.എച്ച്. ബൈപാസിൽ പൂന്തുറ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ പരുത്തിക്കുഴിക്ക് സമീപം സംശയാസ്പദമായ സാഹചര്യത്തിൽ മരണപ്പെട്ട സൈനുലാബ്ദീൻ മകൻ മാഹീന്റെ മരണത്തെക്കുറിച്ച് നടക്കുന്ന പോലീസ് അന്വേഷണം ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) പോലീസിന്റെ ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നത്;

(സി) അന്വേഷണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാഹീന്റെ മരണം സംബന്ധിച്ച് കേസന്വേഷണം തുടർന്നു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം സിറ്റി പോലീസ് ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് കമ്മിഷണർ ആണ് അന്വേഷണം നടത്തുന്നത്.

(സി,ഡി) അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു.

85 (103) സംസ്ഥാനത്തെ ലോക്കപ്പ് മരണങ്ങൾ

പ്രൊഫ.എ.വി.താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2000 ഡിസംബർ 1 വരെ സംസ്ഥാനത്ത് എത്ര ലോക്കപ്പ് കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര സ്ത്രീ പീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസുകളിൽ എത്രപേർ ശിക്ഷിച്ചിട്ടുണ്ടെന്ന് വ്യക്ത മാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ എത്ര ആത്മഹത്യകൾ നട ന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ സ്ത്രീപീഡനം മൂലം എത്ര; സാമ്പ ത്തിക തകർച്ച മൂലം എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ വ്യാജമദ്യവുമായി ബന്ധ പ്പെട്ട എത്ര കേസ്സുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൽ എത്രയെ ണ്ണത്തിൽ നടപടി സ്വീകരിച്ച് പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാ ക്കാമോ;

(എഫ്) വ്യാജമദ്യ ലോബിയിൽ നിന്ന് പോലീസ് ഉദ്യോഗസ്ഥർ മാസ പ്പടി വാങ്ങുന്നതായി സർക്കാരിന്റെ അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) ഇവരുടെ പേരിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ കാലയളവിൽ സംസ്ഥാനത്ത് ലോക്കപ്പ് കൊലപാതക ങ്ങൾ നടന്നിട്ടില്ല.

(ബി) പ്രസ്തുത കാലയളവിൽ സ്ത്രീ പീഡിപ്പിക്കപ്പെട്ടതായ 22954 പരാതികളിൻമേൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 292 പേരെ ശിക്ഷിച്ചിട്ടുണ്ട്.

(ഡി) ആത്മഹത്യകൾ – 40956

സ്ത്രീപീഡനം മൂലം – 573

സാമ്പത്തിക

തകർച്ച മൂലം – 4759

LIBRARY ARCHIVES Kerala Legislative Assembly